ഉത്തരം

(എ-ഇ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് 2010-ൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പി.എസ്.സി. പരീക്ഷ നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി ഡ്രൈവർ-എൻ.സി.എ. (എസ്.സി./എസ്.ടി.) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശയ്ക്കുള്ള നടപടികൾ ഉടങ്ങിയിട്ടുണ്ട്.

എം.എൽ.എ. മാർക്ക് സർക്കാർ ഉത്തരവിന്റെ പകർപ്പ്

9 (9) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർ ആവശ്യപ്പെടുന്ന സർക്കാർ ഉത്തരവുകൾ അവർക്ക് ഉടനടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉത്തരവുകൾ എം.എൽ.എ.മാരുടെ ഇ-മെയിൽ വിലാസത്തിൽ അയച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 6-2-2013-ലെ 2717/എ 2/2012/ പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരംകാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാ സാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/notifications-ൽ ഇപ്പോൾ തന്നെ ലഭ്യമാണ്.

(ബി) ഇ-മെയിൽ ആയി ഉത്തരവുകൾ അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. എന്നാൽ എം.എൽ.എ.മാർ ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത ഉത്തരവുകൾ അവരുടെ ഇ-മെയിൽ വിലാസത്തിൽ അയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഭരണമികവിന് അംഗീകാരം

10 (10) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദ്ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ്ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലെയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുമുണ്ടായി. ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചു.

(സി&ഡി)സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻവർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരുംവർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരളയിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനം, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ നടസ്സും കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly